**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 949** **10-06-2021 - ൽ മറുപടിയ്ക്ക്**

**സ്ഥലംമാറ്റ നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായിക പരിശീലന വകുപ്പിലെ പൊതു സ്ഥലംമാറ്റ നടപടിക്രമങ്ങൾ ഓൺലൈൻ വഴിയാണോ നടപ്പിലാക്കുന്നത്; പൊതു സ്ഥലംമാറ്റത്തിനുള്ള യോഗ്യതാമാനദണ്ഡങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; | (എ) | വ്യാവസായിക പരിശീലന വകുപ്പിൽ പൊതു സ്ഥലംമാറ്റ നടപടി ക്രമങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടില്ല. യോഗ്യതാമാനദണ്ഡങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. |
| (ബി) | എങ്കിൽ യോഗ്യതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട കരട് സ്ഥലംമാറ്റ പട്ടിക പരിശോധിക്കുവാനും പരാതികളുണ്ടെങ്കിൽ അപ്പീൽ നൽകുവാനുള്ള അവസരവും സാവകാശവും ലഭിക്കത്തക്ക രീതിയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | 25.02.2017 ലെ സ.ഉ (പി) നം.3/2017 പി.&എ.ആർ.ഡി നമ്പരായ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് വകുപ്പിൽ സ്ഥലം മാറ്റ നടപടികൾ നടത്തുന്നത്. സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് പരാതികളോ ആക്ഷേപങ്ങളോ ലഭിക്കുകയാണെങ്കിൽ ആയത് പരിഹരിച്ച് അനോമലി ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്. പൊതു സ്ഥലംമാറ്റ നടപടിക്രമങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കുന്ന മുറയ്ക്ക് കരട് സ്ഥലംമാറ്റ പട്ടിക പരിശോധിക്കുവാനും പരാതികളുണ്ടെങ്കിൽ അപ്പീൽ നൽകുവാനുമുള്ള സൗകര്യം ഒരുക്കുന്നതാണ്. |
| (സി) | പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വകുപ്പിലെ സ്പെഷ്യൽ റൂളിൽ വ്യത്യസ്തമാണോ; എങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് ഈ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വകുപ്പിലെ സ്പെഷ്യൽ റൂളിൽ പ്രതിപാദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ